ഭരണഭാഷ-മാതൃഭാഷ

നമ്പർ ഡിഎം1-183902/18

കളക്ടറേറ്റ്,പത്തനംതിട്ട
തീയതി: 04-09 -2021

പത്രക്കുറിപ്പ്

ജാഗ്രതാ നിർദ്ദേശം

കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ അധീനതയിലുള്ളതും ശബരിഗിരി ജലവൈദ്യുത പ്രോജക്ടിന്റെ പരിധിയിലുള്ളതുമായ കക്കി-ആനത്തോട് റിസർവോയറിന്റെ പരമാവധി ജലസംഭരണശേഷി 981.46 മീറ്ററാണ് (സമുദ്രനിരപ്പിൽ നിന്നും). കെ.എസ്.ഇ.ബി ലിമിറ്റഡ് നിശ്ചയിച്ചിട്ടുള്ളതും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച് നൽകിയിട്ടുള്ളതുമായ സെപ്റ്റംബർ 10 വരെയുള്ള കാലയളവിൽ കക്കി-ആനത്തോട് റിസർവോയറിലെ അനുവദനീയമായ പരമാവധി ജലസംഭരണശേഷി 976.4 മീറ്ററാണ് (അപ്പർ റൂൾ ലെവൽ).

കക്കി-ആനത്തോട് റിസർവോയറിന്റെ നീല, ഓറഞ്ച്, ചുവപ്പ് മുന്നറിയിപ്പുകൾ പ്രഖ്യാപിക്കുന്നത് റിസർവോയറിലെ ജലനിരപ്പ് യഥാക്രമം 974.4 മീറ്റർ, 975.4 മീറ്റർ, 975.9 മീറ്റർ എന്നിവയിൽ എത്തിച്ചേരുമ്പോഴാണ്.

2021 സെപ്റ്റംബർ 4 ന ഡാമിലെ ജലനിരപ്പ് 974.4 മീറ്റർ എത്തി ചേർന്നതിനാൽ നീല അലേർട്ട് പ്രഖ്യാപിച്ചിട്ടുള്ളതാണ് എന്നുള്ള വിവരം അറിയിക്കുന്നു. ജില്ലയിലെ നദീ തീരങ്ങളിൽ പ്രത്യേകിച്ച് പമ്പയുടെ തീരത്ത് താമസിക്കുന്നവർ ജഗ്രതപാലിക്കേണ്ടതാണ്.അണക്കെട്ടുകളിൽ നിന്നും ജലം തുറന്നു വിടേണ്ടുന്ന സാഹര്യം ഉണ്ട് എന്ന അനുമാനത്തിൽ എത്തുകയാണെങ്കിൽ അക്കാര്യം യഥാ സമയം പോതുജനങ്ങളെ അറിയിക്കുന്നതാണ്.

(sd/)

ചെയർപേർസൺ

ജില്ലാ ദുരന്ത നിവാരണ അതോറിറ്റി &

ജില്ലാ കളക്ടർ, പത്തനംതിട്ട